**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 731** **24-08-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | കെയർ ഹോം പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നാളിതുവരെ എത്ര വീടുകളാണ് നിർമ്മിച്ചു നൽകിയതെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | കെയർ ഹോം പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 2019 ൽ 13 എണ്ണവും 2021 ൽ ഒരെണ്ണവും ചേർത്ത് ആകെ 14 വീടുകളാണ് നാളിതുവരെ നിർമ്മിച്ചു നൽകിയത്. |
| (ബി) | കെയർ ഹോം പദ്ധതി വഴി മണ്ഡലത്തിൽ എത്ര വീടുകളാണ് നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കെയർ ഹോം പദ്ധതി പ്രകാരം മണ്ഡലത്തിൽ ആകെ 14 വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ടി 14 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| (സി) | കെയർ ഹോം പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന മാനദണ്ഡം വിശദമാക്കാമോ? | (സി) | റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളത്.<br><br>2018, 2019 വർഷങ്ങളിലെ പ്രളയത്തിലും പ്രകൃതി ക്ഷോഭത്തിലും കെടുതി അനുഭവിക്കുന്നവരിൽ നിന്ന് ജില്ലാ കളക്ടർ ലഭ്യമാക്കുന്ന ഭൂരഹിതരുടെ പട്ടികയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ